# "ഇൻ ഗോഡ് വി ട്രസ്റ്റ്"

ആയിരത്തി എണ്ണൂറ്റി അറുപത്തിയൊന്നിലെ ശീതകാലം. അമേരിക്കയുടെ സാമ്പത്തിക നില പരുങ്ങലിലായ സമയം. ഷെയറുകളുടെ വില ഇടിഞ്ഞതുനിമിത്തം എല്ലാമുഖങ്ങളും മ്ലാനമായിരുന്നു. ഏബ്രഹാം ലിങ്കൺ അമേരിക്കയുടെ പ്രസിഡന്റായിരുന്ന ആ കാലത്തിൽ ദൈവഭക്തനായ സാൽമൺ ചേസാണ് ധനകാര്യവകുപ്പിന്റെ ചുമതല വഹിച്ചിരുന്നത്.

ഒരു സായാഹ്നത്തിൽ സാൽമൺ അന്നുലഭിച്ച കത്തുകൾ വായിക്കുകയായിരുന്നു. പെൻസിൽവാനിയയിലെ ഒരു ചെറിയ സഭയുടെ പാസ്റ്റർ, വാട്ട്കിൻസൺ അയച്ച ഒരു കത്ത് അതിലുണ്ടായിരുന്നു. അദ്ദേഹം ധനകാര്യ സെക്രട്ടറിക്കെഴുതി: "നമ്മുടെ നാണയങ്ങളിൽ കാണാനില്ലാത്ത ഒരുകാര്യം ബോധിപ്പിക്കുന്നു. നമുക്ക് ദൈവത്തോടുള്ള കടപ്പാട് ഏതെങ്കിലും നിലയിൽ നമ്മുടെ നാണയങ്ങളിൽ ചേർക്കേണ്ടതാണ്. ഇല്ലെങ്കിൽ, നൂറ്റാണ്ടുകൾ കഴിയുമ്പോൾ നാം ശേഷം ജാതികളെപ്പോലെ ആയിത്തീരും."

വാട്ട്കിൻസൺ തന്റെ കത്തിലൂടെ "ദൈവം, സ്വാതന്ത്ര്യം, നിയമം" എന്നീവാക്കുകൾ അമേരിക്കൻ നാണയങ്ങളിൽ ആലേഖനം ചെയ്യുവാൻ ആവശ്യപ്പെട്ടു. തന്റെ ആവശ്യത്തെ ന്യായികരിച്ചുകൊണ്ട് വാട്ട്കിൻസൺ തുടർന്നു: "നാം ദൈവബോധമില്ലാത്ത ജാതികളിൽ നിന്നും വ്യത്യസ്തരാണെന്ന് അതു തെളിയിക്കും. മാത്രമല്ല, നാം വ്യക്തിപരമായി അവകാശപ്പെടുന്നതുപോലെ അത്യുന്നതന്റെ സംരക്ഷണയിലാണ് നാമെന്ന് അത് വിളിച്ചുപറയും. എന്റെ അഭിപ്രായത്തിൽ, ദൈവത്തെ ഒഴിവാക്കിയാൽ നമ്മുടെ രാഷ്ട്രം തകർന്നുപോകും."

അമേരിക്കൻ ഗവൺമെന്റിനുവേണ്ടി നാണയങ്ങൾ നിർമ്മിക്കുന്ന ഫിലദൽഫിയയിലെ മിന്റിന്റെ ഡയറക്ടർ ജെയിംസ് പൊള്ളോക്കിന് അധികം താമസിയാതെ ധനകാര്യ സെക്രട്ടറിയുടെ ഒരു കുറിപ്പ് ലഭിച്ചു: "ദൈവശക്തി കൂടാതെ യാതൊരു രാഷ്ട്രങ്ങളും ശക്തരാകുകയില്ല, ദൈവിക സംരക്ഷണം കൂടാതെ യാതൊരു രാഷ്ട്രങ്ങളും സുരക്ഷിതരുമാകില്ല. അമേരിക്കൻ ജനതയുടെ ദൈവാശ്രയം നമ്മുടെ നാണയങ്ങളിൽ രേഖപ്പെടുത്തണം. ആകയാൽ ഉടൻതന്നെ നമ്മുടെ നാണയങ്ങളിൽ ഈ ആശയത്തിനു യോജിച്ച ചിലവാക്കുകൾ താങ്കൾ കണ്ടെത്തി രേഖപ്പെടുത്തണം."

ഞങ്ങൾ ദൈവത്തിൽ ആശ്രയിക്കുന്നു എന്ന് അർത്ഥമുള്ള "ഇൻ ഗോഡ് വി ട്രസ്റ്റ്" എന്ന് ആദ്യം അമേരിക്കൻ നാണയങ്ങളിലും പിന്നീട് കറൻസികളിലും അങ്ങനെ സ്ഥാനംപിടിച്ചു. തങ്ങളുടെ ദൈവാശ്രയബോധം അമേരിക്കൻ ജനത ഈ മാധ്യമത്തിലൂടെ ഇന്നും ലോകത്തോട് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നു.

ദൈവത്തിലുള്ള ആശ്രയം നിമിത്തം ദൈവം ആ രാഷ്ട്രത്തെ അനുഗ്രഹിച്ചു. സത്യദൈവത്തിൽ ആശ്രയിക്കുന്നവർ ആരായാലും അവർ അനുഗ്രഹിക്കപ്പെടും എന്നതിന് സംശയമില്ല. എന്നാൽ, ദൈവാശ്രയത്തിന്റെ പാഠങ്ങൾ ലോകത്തെ പഠിപ്പിച്ച അമേരിക്ക ഇപ്പോൾ ചുവടുമാറുകയാണ്. അവിടുത്തെ പുതുതലമുറ ദൈവത്തെ എല്ലാ മേഖലകളിൽനിന്നും ഒഴിവാക്കുവാനുള്ള ശ്രമത്തിലാണ്. അതിന്റെ ദൂഷ്യഫലങ്ങൾ അവർ അനുഭവിച്ചുതുടങ്ങിയിട്ടുണ്ട്. ഡോളറിന്റെ ശക്തി ക്ഷയിച്ചുകൊണ്ടിരിക്കുന്നത് അതിനൊരു തെളിവല്ലേ?

"ഇൻ ഗോഡ് വി ട്രസ്റ്റ്" നമുക്കു നൽകുന്ന സന്ദേശം യിരമ്യാവ് ദൈവാത്മാവിൽ വരച്ചുകാട്ടിയിരിക്കുന്നത് ശ്രദ്ധിക്കുക: "യഹോവയിൽ ആശ്രയിക്കുകയും യഹോവ തന്നേ ആശ്രയമായിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിനരികെ നട്ടിരിക്കുന്നതും ആറ്റരികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷംപോലെയാകും; ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കുകയില്ല; അതിന്റെ ഇല പച്ചയായിരിക്കും; വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും." (യിര. 17:7 – 8) അതേ, മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ ദൈവത്തിൽ ആശ്രയിക്കുന്നത് എന്നും നല്ലതുതന്നെ.

Author: ksabraham.org@gmail.com website: www.ksabraham.org **Free Distribution of this material is encouraged!**